പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 5103 — 22/05/2017 ൽ മറുപടിയ്ക്ക്

# കാസർഗോഡ് ജില്ലയിലെ റീസർവ്വെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ റീ സർവ്വെ പ്രവർത്തനങ്ങൾ എത് ഘട്ടത്തിലാണ്; | (എ) കാസറഗോഡ് ജില്ലയിൽ 11 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ ഹോസ്ദുർഗ് താലൂക്കിലെ ഹോസ്ദുർഗ്, അജാനൂർ, ചെറുവത്തൂർ, പീലിക്കോട്, മാണിയാട്ട്, പള്ളിക്കര-I, പള്ളിക്കര II, കീക്കാൻ, ചിത്താരി, ഉദുമ എന്നീ 10 വില്ലേജുകളുടെ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) ഇതിനായി എത്ര ജീവനക്കാരെയാണ് പ്രത്യേക മായി നിയോഗിച്ചിട്ടുള്ളത്; | (ബി) 436 ജീവനക്കാർ |
| (സി) മറ്റു ജില്ലകളിൽ നിന്നും സ്ത്രീ ജീവനക്കാരെയും രോഗികളായ ജീവനക്കാരെയും റീസർവ്വേ ജോലിക്കായി കാസർഗോഡ് നിയോഗിച്ചിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ മനുഷ്യത്വപരമായ സമീപനം സ്വീകരിച്ച് അനുഭാവ പൂർവ്വമായ നടപടി സ്വീകരിക്കുമോ? | (സി) & (ഡി) വകുപ്പിൽ 40% ൽ അധികം സ്ത്രീ ജീവനക്കാർ ഉള്ള സാഹചര്യത്തിൽ സ്ത്രീ ജീവനക്കാരെ പൂർണ്ണമായി ഒഴിവാക്കുവാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ ജീവനക്കാർ സമർപ്പിച്ചിരുന്ന അപേക്ഷകൾ പരിഗണിച്ച് നിജസ്ഥിതി ബോധ്യപ്പെട്ട കേസുകളിൽ അനുഭാവപൂർവ്വം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ